ത്തിക്കപ്പെട്ട മൂര കൈപ്പിനെ കാണിക്കുന്നു. ദൈവത്തിനു കൊള്ളാകുന്നവരായി തീരേണ്ടതിന്നു പരിശുദ്ധാത്മാവു തനിക്കുള്ളവരെ പലപ്പോഴും കൈപ്പും ദുഃഖവുമുള്ള വഴികളിൽകൂടി നടത്തുന്നു. അവൻ നമ്മെ ദൈവത്തിനവേണ്ടിവേർതിരിച്ചു ശുദ്ധീകരിക്കുന്നു. വിശ്വാസികളും വിശ്വാസിനികളുമായ നമുക്കു പലപ്പോഴും പ്രയാസങ്ങളും ദുഃഖവും ഉണ്ടാകുന്നതിന്റെ കാരണം ഇതത്രെ. മൂര് തൽക്കാലത്തേക്കു നമുക്കു പ്രയാസമുണ്ടാക്കുമെങ്കിലും അവസാനത്തിൽ നമുക്കനുഗ്രഹമായിത്തീരും. കൈപ്പിന്റെ അവസരം ആറു മാസത്തേക്കു മാത്രമെ ഉള്ളു. [റോമ. 8: 18; 2 കോരി. 4: 17, 18.] [5] ആറു മാസത്തേക്കു സുഗന്ധത്താൽ ശുദ്ധിവരുത്തുന്നു. ആവ. 32: 8—14; സങ്കീ. 45: 8; എഫെ. 5: 2. പരിശുദ്ധാത്മാവിന്റെ മുഴുസ്വാധീനതയിൽ നാം ഇരിക്കയും അവനാൽ ഒരുക്കപ്പെടുകയും ചെയ്യുന്നതു വലിയ ഭാഗ്യമത്രേ. അവനാൽ ഒരുക്കപ്പെടുന്ന എല്ലാ വിശ്വാസികളും കൎത്താവിന്റെ മണവാട്ടിയായിത്തീരുമെന്നുള്ളതിനു സന്ദേഹമില്ല. [6] 13-ാംവാക്യത്തിൽനിന്നു ഹേഗായിക്കിഷ്ടമുള്ളതുമാത്രം അനുഗ്രഹിച്ചു എന്നു കാണുന്നു. നാമും പരിശുദ്ധാത്മഹിതത്തിനു അധീനയാളുമായതു മാത്രമേ ആശിക്കാൻ പാടുള്ളു. നമ്മുടെ ഉദ്ദേശം മുഴുവൻ പരിശുദ്ധാത്മാവിനെ പ്രസാദകരമായിരിപ്പാൻ പ്രത്യേകം സൂക്ഷിക്കണം. എസ്ഥേർ രാജ്ഞിയായി അംഗീകരിക്കപ്പെടുകയും കിരീടം പ്രാപിക്കയും ചെയ്തു. ഈ മഹനീയസ്ഥാനത്തേക്കു പരിശുദ്ധാത്മാവത്രെ നമ്മെ നടത്തുന്നതു. അതുകൊണ്ടു അവനു പൂൎണ്ണമായി കീഴ്പ്പെടുകയും മുന്നോട്ടു പോകയും ചെയ്യാം. ഹദസ്സ എന്ന പേരോടുകൂടിയ ഈ സ്ത്രീരത്നത്തിനു കിട്ടിയ പുതിയ പേരാണു എസ്ഥേർ എന്നുള്ളതു. അവൾക്കു രാജാവിന്റെ അന്തഃപുരത്തിൽ പ്രവേശം കിട്ടിയതോടുകൂടി ഈ മഹിമയുള്ള നാമധേയം ലഭിച്ചു. എസ്ഥേർ എന്നപേരിനു നക്ഷത്രമെന്നാണൎത്ഥം.

(തുടരും)

## സഹോദരസഭ വക 29-ാമതു
## കൺവൻഷൻ

മദ്ധ്യതിരുവിതാംകൂർ ബ്രദറൺസഭ വക 29-ാമതു കൺവൻഷൻ മുൻനിശ്ചയമനുസരിച്ചു ഈയാണ്ടു ധനുമാസം 23-ാംനു- മുതൽ 28-ാം തീയതി വരെ ഇടയാറന്മുള മണൽപ്പുറത്തു തയാർ ചെയ്തിരുന്ന വിശാലമായ പന്തലിൽ വെച്ചു നടന്നിരിക്കുന്നു.

മെസ്സേഴ്സ് എഫ്. മക്ളയിൻ, ഡബ്ളിയു. വിൽക്കോക്ക്സ്, ജെ. ഏ. ഡേവീസ്, എ. സ്റ്റുട്ടർ, ജി. ബ്ളാക്ക്, ഇ. എച്ച്. നോയൽ എന്നീ മിഷ്യനറിമാർ ഈ മഹായോഗത്തിൽ പ്രഭാഷകത്വം വഹിച്ചു. പ്രാരംഭമീററിംഗ് 23-ാം തീയതി 3 മണിക്കു സ്ഥലത്തും പരിസരപ്രദേശങ്ങളിലുമുള്ള വിശ്വാസികളുടെ സഹകരണത്തോടും എരിവേറിയ പ്രാൎത്ഥനയോടും നടന്നു. പ്രസ്തുത മീററിംഗിൽ പ്ര

ത്ഥനയുടെ സാധകശക്തി, ആവശ്യകത ഇവയെ അധികരിച്ചു മി: ബ്ളായ്സും മി: മക്ളയിനും പ്രസംഗിക്കയും മഹായോഗത്തിന്റെ നിവ്വിഘ്നസമാപ്തിക്കും വിശ്വാസികളുടെ തിക്ഷ്ണതയ്ക്കും വേണ്ടി പ്രാത്ഥനയിൽ കുറേ സമയം വിനിയോഗിക്കയും ചെയ്തു. പിറേറദിവസം മുതൽ രാവിലെ 10 മണി മുതൽ 12 മണിവരെയും, ഉച്ചകഴിഞ്ഞു 3 മുതൽ 5 വരെയും, രാത്രി 8 മുതൽ 11 വരെയുമായിരുന്നു യോഗസമയങ്ങൾ. മിക്കവാറും എല്ലാ യോഗങ്ങളിലും ആൾക്കൂട്ടം തൃപ്തികരമായിരുന്നു.

മെസ്സേഴ്സ് ബ്ളായ്സ്, സ്ലട്ടർ, നോയൽ എന്നിവരുടെ ദൂതുകൾ പ്രത്യേകിച്ചും ഉൽബോധജനകങ്ങളായ സുവിശേഷദൂതുകളായിരുന്നു.

കേരളീയക്കു സുപരിചിതനായ മി: ഡേവീസ്, പഴയനിയമചരിത്രാംശങ്ങളെ പുതിയനിയമോപദേശങ്ങളോടു ഘടിപ്പിച്ചു ഫലകരമാംവണ്ണം പ്രസംഗങ്ങൾ ചെയ്തു. ഇതു ശ്രോതാക്കൾക്കു വിശിഷ്യ ആകർഷണീയമായിരുന്നു.

ആഴമേറിയ ക്രിസ്തീയ പരിജ്ഞാനം കൊണ്ടും, പരിപക്വജീവിതം കൊണ്ടും പ്രശോഭിക്കുന്ന ഒരു ദേഹമാണ് മി: മക്ളയിൻ. സുവിശേഷപ്രചരണോത്സുകനായ ഇദ്ദേഹം മൈസൂർരാജ്യത്തെ അക്രൈസ്തവരിൽനിന്നു തന്റെ സ്വർഗ്ഗീയ യജമാനനു വിലയേറിയ ഒരു തോട്ടം സമ്പാദിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ അധരപുടംവഴി ലഭിച്ചിട്ടുള്ള ലാവണ്യദൂതുകൾ വിശ്വാസികൾക്കു ധൈര്യപ്രദവും പ്രത്യാശാജനകവുമായിരുന്നു.

ഒരു വിദ്യാശാലയുടെ അദ്ധ്യക്ഷപദത്തെ അലങ്കരിക്കുന്ന ഗംഭീരനും ഉന്നത പരീക്ഷാവിജയിയുമായ മി: വി ക്കോക്സ് ചെയ്ത പ്രസംഗങ്ങൾ പ്രൌ ഢങ്ങളുമായിരുന്നു. പ്രയോജനകരമാ ക്രിസ്തീയ സേവനത്തിനു മനുഷ്യനെ പ്രാപ്തിപ്പെടുത്തുന്നതു യഥാത്ഥ വീണ്ടു ജനനവും പരിശുദ്ധാത്മാഭിഷേകവു ല്ലാതെ മറെറാന്നുമല്ലെന്നു സഗൗരവ ഉല്ബോധിപ്പിച്ചതു കൂടാതെ, ഉന്നനിരൂപ ണം, നവമതം മുതലായവയുടെ ദോ ങ്ങളെ അദ്ദേഹം ചൂണ്ടിക്കാണിക്ക യും ചെയ്തു.

ശനിയാഴ്ച ഉച്ചകഴിഞ്ഞുള്ള സ്നാന ർത്ഥിയോഗത്തിൽ ബാപ്തിസ്മയെപ്പററി സരസവും ശക്തിമത്തുമായ ഒരു പ്ര സംഗം മക്ളയിൻ സായ്പവർകൾ നടത്തിയശേഷം സ്നാനശുശ്രൂഷയ്ക്കാ യി എല്ലാവരും പാട്ടോടുകൂടി സ്നാന സ്ഥലത്തേക്കു പോയി. നോയൽ സാ യ്പവർകളായിരുന്നു സ്നാപകൻ. സ്ത്രീ പുരുഷന്മാരുൾപ്പെടെ 44 പേർ നിമജ്ജനസ്നാനം സ്വീകരിച്ചു. ഇതിൽ ര ണ്ടു സ്ത്രീകളും ഒരു പുരുഷനും ഈഴവ സമുദായത്തിൽ നിന്നു മതപരിവർത്ത നം ചെയ്തവരാണ് എന്നുള്ളതു സ്മരണീയമത്രെ.

ഞായറാഴ്ച രാവിലെ 8 മണിയോടുകൂടി പന്തലിൽ വെച്ച് ഭംഗിയായും, അനുഗ്രഹപ്രദമായും ആചരിച്ച കർത്തൃമേശയിൽ അഞ്ഞൂറോളം വിശ്വാസികൾ സംബന്ധിച്ചു. അനന്തരം പത്തു മണിക്കു ആരംഭിച്ച അവസാനയോഗത്തിൽ മെസ്സേഴ്സ് വിൽക്കോക്സ്, സ്ലട്ടർ, മക്ളയിൻ, ഡേവീസ് എന്നിവർ പ്രസംഗിച്ചു. 3 മണിയോടുകൂടി യോഗം പൂർവ്വാധികം മംഗളമായി അവസാനിച്ചു. അന്നത്തെ പൊതുയോഗത്തിൽ 4000-ത്തോളം ശ്രോതാക്കൾ ഉണ്ടായിരുന്നു.

ഈ യോഗം ഇത്രയും ഭംഗിയായി നടക്കുന്നതിനുവേണ്ടി നിരന്തരപരിശ്രമം ചെയ്ത ഭാരവാഹികളും, വിശിഷ്യ, മിഷ്യനറി ഇ. എച്ച്. നോയൽ സായ്പവർകളും അഭിനന്ദനാർഹന്മാരത്രേ.

എല്ലാം കൊണ്ടും ഇക്കൊല്ലത്തെ മഹായോഗം വിശ്വാസികളുടെ സ്ഥിരതയ്ക്കും ഉണീകരണത്തിനും ധാരാളം പര്യാപ്തമാക്കിത്തീർത്ത കരുണാനിധിയെ നമസ്കരിച്ചുകൊണ്ട് ഈ യോഗവൃത്താന്തം അവസാനിപ്പിച്ചുകൊള്ളുന്നു.

റിപ്പോർട്ടർ

സി. ഐ. കുഞ്ഞിക്ക.

ഇടയാറന്മുള.

# ഒരു രാജഭൃത്യൻ

(കെ. വി. എബ്രഹാം. കലഞ്ഞൂർ)

യോഹ. ൪ : ൪൬—൫൪.

യേശു ഒരിക്കൽ യഹൂദ്യദേശത്തുനിന്നും പുറപ്പെട്ടു [ശമര്യയിൽക്കൂടി] ഗലീല്യയിൽ ഉൾപ്പെട്ട 'കാനാ'യിൽ വന്നുചേൎന്നു. പല പ്രാവശ്യം അവൻ കാനായിൽ വന്നിട്ടുണ്ടായിരിക്കാമെങ്കിലും, ആ വക സന്ദൎശനത്തെ അനുസ്മരിപ്പിക്കുന്ന അത്ഭുതസംഭവങ്ങളിൽ രണ്ടിനെപ്പററി മാത്രമേ, ഇതിനു മുൻപു നാം വായിക്കുന്നുള്ളു. കൎത്താവു ഭൂതലത്തിൽ സഞ്ചരിച്ചു പ്രവൎത്തിച്ചുകൊണ്ടിരുന്ന അക്കാലത്തു്, പലേ ആളുകളും ഓരോ ആവശ്യങ്ങളെ പുരസ്കരിച്ചു അവന്റെ അടുക്കൽ വന്നുകൊണ്ടിരുന്നു. രോഗബാധിതരായ ആളുകളും അവരുടെ ബന്ധുജനങ്ങളും യേശുവിന്റെ യാത്രാവൃത്താന്തങ്ങളെയും മററും അത്യുൽകണ്ഠാപൂൎവ്വം അന്വേഷിക്കുക പതിവായിരുന്നു. ഈ അത്ഭുതപുരുഷന്റെ പാദസ്പൎശം തങ്ങളുടെ നാട്ടിന് ഒരു പുണ്യമായി ഗണിച്ചിരുന്നവരുടെ സംഖ്യയും ദുർല്ലഭമല്ല. ദുഃസ്ഥിതരായ ജനങ്ങൾ, യാത്രയിൽ അദ്ദേഹത്തെ ഒരു നോക്കു കണ്ടു സംതൃപ്തിയടയുവാൻ എത്രയോ കായക്ലേശം അനുഭവിച്ചിട്ടുണ്ട്! ഈ പുണ്യാത്മാവിന്റെ കരസ്പൎശത്താൽ രോഗശമനം സിദ്ധിക്കുമെന്നും, അത്രയുംവേണ്ട, തന്റെ ശബ്ദമാത്രത്താൽ പൂൎണ്ണശാന്തിയുണ്ടാകുമെന്നും അനേകർ അനുഭവിച്ചറിഞ്ഞിരുന്നു. ഈ രക്ഷകന്റെ തൃക്കരങ്ങൾ തങ്ങളുടെ വാത്സല്യഭാജനങ്ങളായ കുഞ്ഞുങ്ങളുടെ ശിരസ്സിൽ അണച്ചു് അനുഗ്രഹസംപൂൎത്തി അനുഭവിക്കാൻ ആശിച്ചുവന്ന സ്ത്രീജനങ്ങളെയും, അവരെ ശാസിക്കുകയും നിരോധിക്കുകയും ചെയ്ത ശിഷ്യവൎഗ്ഗത്തെയുംപററി നമുക്കറിവില്ലേ? യേശുവിനെ തങ്ങളുടെ വസതികളിലേക്കു ക്ഷണിക്കുന്നതിനും, അദ്ദേഹത്തെ യഥോചിതം സൽക്കരിക്കുന്നതിനും തങ്ങൾ അപ്രാപ്തരെന്ന വിധത്തിൽ പൂജനീയനാണ് ഈ ദിവ്യപ്രവാചകനെന്നും ചിലർ പ്രത്യക്ഷപ്പെടുത്തിയിട്ടുണ്ട്. രോഗബാധിതനായിക്കിടന്ന തങ്ങളുടെ സോദരൻ, യേശുവിന്റെ അസാന്നിദ്ധ്യംമൂലം അകാലമൃതി പ്രാപിക്കാനിടയായി എന്നു പരമാൎത്ഥമായി വിശ്വസിച്ചു, മാൎത്താ മറിയമാരും ഇക്കൂട്ടത്തിൽ പെട്ടവരാ

യിരുന്നു. ചുവടെ പ്രസ്താവിക്കാൻപോകുന്നതും, ഏതാണ്ട് ഈ പരിധിയിൽപെട്ടൊരാളിനെപ്പററിയാണ്. ആ മനുഷ്യൻ, മേൽഉദ്ധരിച്ചിരിക്കുന്ന വേദഭാഗങ്ങളിൽ കാണുന്ന രാജഭൃത്യനത്രേ.

ഈ രാജഭൃത്യൻ, കഫർന്നഹോം എന്ന സ്ഥലത്തു വസിച്ചിരുന്നതായി കാണുന്നു. കഫർന്നഹോമും, കാനായും തമ്മിൽ ഏകദേശം പതിനഞ്ചുമൈൽ അകലമുണ്ടായിരുന്നു പോൽ! തന്റെ മകൻ രോഗബാധിതനായപ്പോൾ യേശു എവിടെ, എന്തു പ്രവർത്തിക്കുന്നു എന്നു ഈ ഭൃത്യൻ അന്വേഷണം നടത്തി. തൽഫലമായി യേശു ഗലീലയിലെ കാനാവിൽ എത്തിയിരിക്കുന്നതായി അറിവുകിട്ടി. ഈ വാസ്തവം അറിഞ്ഞക്ഷണത്തിൽ രാജഭൃത്യൻ മററാരെയും നിയോഗിക്കാതെ യേശുവിനെ കണ്ടു വിവരമറിയിക്കാൻ താനെ പുറപ്പെട്ടുന്നു. മകൻ ആസന്നമരണനായി കിടക്കുന്ന ഘട്ടത്തിൽ പുത്രവത്സലനായ ഒരു പിതാവിന്റെ സാന്നിദ്ധ്യം അപരിത്യാജ്യമാണ്. മകനെ ശുശ്രൂഷിക്കുക, അവന്റെ രോഗാവസ്ഥയിൽ സന്തപ്തമാനസരായ ആളുകളെ സമാശ്വസിപ്പിക്കുക, എന്നീ കൃത്യങ്ങളെപ്പററി ലേശവും അവൻ ഗണിക്കുന്നില്ല. സാമാന്യജനങ്ങൾ, ഈ ആളിന്റെ യാത്രയെ ആക്ഷേപിക്കതന്നെ ചെയ്യും. എന്നാൽ തന്റെ അസാന്നിദ്ധ്യംമൂലം യാതൊരുവിധമായ അനിഷ്ടസംഭവങ്ങൾക്കും ഇടവരികയില്ലെന്ന് അയാൾക്കു പൂർണ്ണനിശ്ചയം ഉണ്ടായിരുന്നു. ഈ രാജഭൃത്യന്റെ ദൃഢവിശ്വാസം അനുകരണീയം തന്നെ.

ഈ മനുഷ്യൻ അത്യുല്ക്കണ്ഠയോടുകൂടിയാണ് യേശുവിന്റെ സന്നിധിയിലെത്തിയതു്. യേശുവിനോടു അപേക്ഷിക്കുന്ന മാത്രയിൽ, യേശു തന്നോടൊന്നിച്ചു പോരുമെന്നും; ഉദ്ദിഷ്ടകാര്യം സാധിക്കാമെന്നും അവൻ കരുതിയിരുന്നു. തദനുസരണം, അയാൾ യേശുവിനോട് അഭ്യർത്ഥിക്കുന്നതു്. 'മകൻ മരിപ്പാറായിരിക്കുന്നതുകൊണ്ട് വന്നു സൗഖ്യമാക്കേണം' എന്നത്രേ [യോഹ: ൪-൪൭] യേശുവിന്, അവിടം വരാൻ സൗകര്യമുണ്ടാകുന്നില്ലെങ്കിലും, തന്റെ മകന് സൗഖ്യം ലഭിക്കുന്നകാര്യത്തിൽ ലേശംപോലും സംശയിക്കേണ്ട ആവശ്യമില്ലെന്ന് അവന് ഉറപ്പുണ്ടായിരുന്നു. ഇയാളുടെ അപേക്ഷയ്ക്കു പെട്ടെന്നുകിട്ടിയ മറുപടി, നിങ്ങൾ അടയാളങ്ങളും, അത്ഭുതങ്ങളും, കണ്ടിട്ടല്ലാതെ വിശ്വസിക്കുകയില്ല, എന്നായിരുന്നു [യോഹ: ൪:൪൮] ഈ മറുപടി, കേവലം ആശങ്കാജനകമെന്ന് തോന്നാനിടയുണ്ട്. എങ്കിലും, ഇദ്ദേഹത്തിന്റെ മനോദൃഢതയ്ക്കു യാതൊരു ഭേദവുമുണ്ടായില്ല. 'അടയാളങ്ങളും, അത്ഭുതങ്ങളും, കണ്ടിട്ടല്ലാതെ വിശ്വസിക്കയില്ല,' എന്ന മറുപടികൊണ്ട് ഈ രാജഭൃത്യൻ, യഹൂദ വംശജനാണെന്ന് അനുമാനിക്കാവുന്നതാണ്. അക്കാലത്ത് യഹൂദന്മാർ അത്ഭുതങ്ങളും, അടയാളങ്ങളും, അന്വേഷിക്കുന്നതായിക്കാണുന്നു. [മത്തായി. ൧൬: ൧—൪; ൧൨: ൩൮] അവർ തങ്ങളുടെ ഹൃദയം ദൈവത്തിൽ പൂർണ്ണമായി പ്രതിഷ്ഠിച്ചിരുന്നില്ല. അചഞ്ചലമായ ഹൃദയാവസ്ഥ ഇല്ലാതിരിക്കുന്നേടത്തു്, അടയാളങ്ങളെയും, അത്ഭുതങ്ങളെയും പററിയുള്ള ചിന്തയുളവാകുന്നുണ്ട്. ഇവരെപ്പററി ശാഠ്യവും മത്സരവുമുള്ളവർ, തങ്ങളുടെ ആശ്രയം ദൈവത്തിൽ വയ്ക്കാത്തവർ; ഹൃദയത്തെ സ്ഥിരമാക്കാതെയിരിക്കുന്നവർ എന്നൊക്കെയും നാം വായിക്കുന്നു. (സങ്കീ: 78. 7—8) അസ്ഥിരതം,

അടയാളം അന്വേഷിക്കുന്നവരുമായ യഹൂദന്മാരെപ്പററിയുള്ള പരമാർത്ഥം തന്നെയാണ് ഏതദ്ദേശജനായ ഈ രാജഭൃത്യനോടും യേശു കല്പിച്ചതു്. ഇതിൽ ആശ്ചര്യപ്പെടുവാനില്ലല്ലൊ? എന്നാൽ ആ മനുഷ്യൻ യേശുവിനോടു ന്യായവാദം ചെയ്വാനൊ, തങ്ങളുടെ കുററത്തെ നീതീകരിപ്പാനോ സന്നദ്ധനാവുന്നില്ല. അവൻ വാസ്തവത്വം, അഥവാ നല്ല അംശം ഗ്രഹിച്ചവനായിരുന്നതിനാൽ, അവൻെറ ഹൃദയം ക്രിസ്തുവിൽ ആശ്രയിച്ചും, വിശ്വസിച്ചും സ്ഥിരപ്പെട്ടിരുന്നു. തന്മൂലം അവൻ വീണ്ടും യേശുവിനോടു നിർബന്ധപൂർവ്വം അപേക്ഷിക്ക തന്നെ ചെയ്തു. കർത്താവെ! പൈതൽ മരിക്കും മുമ്പെ വരേണമേ!! എന്നുള്ള വിനീതമായ അപേക്ഷ യേശുവിനു കേൾക്കായി. ആവശ്യബോധം അവനെ നിർബന്ധിക്കുന്നു. ക്രിസ്തുവിലുള്ള വിശ്വാസം, അവനെ പിന്മാററുന്നില്ല. ഈ ഭൃത്യൻെറ വിശ്വാസജന്യമായ ഈ അപേക്ഷ, യേശുവിനെ അത്യധികം ആഹ്ലാദിപ്പിച്ചു. ഇവൻെറ വിശ്വാസം ഇതരസാധാരണമല്ലെന്ന് യേശു അറിഞ്ഞു. അതിനാൽ, മറുപടിയായി, 'പൊയ്ക്കൊൾക; നിൻെറ മകൻ ജീവിച്ചിരിക്കുന്നു,' എന്ന് കല്പിക്കയത്രെ ചെയ്യുന്നതു്.

യേശുവിൻെറ ഈ സുമധുരശബ്ദം രാജഭൃത്യൻെറ ഹൃദയത്തിന് എത്രകണ്ടു സമാധാനം നൽകി. യേശുവിൻെറ വാക്ക് അതേ വിധത്തിൽ അവൻ വിശ്വസിച്ചു. ഇതരമായ ആലോചനകൾക്കു അവൻെറ ഹൃദയത്തെ അവൻ വിധേയമാക്കിയില്ല. ഈ മറുപടിമൂലം ആനന്ദത്തോടുകൂടി അയാൾപോയി. യേശുതൻെറ വീട്ടിൽവന്ന്, പൈതലിനെ സൗഖ്യമാക്കണമെന്നു യിരുന്നു അവൻ അഭ്യർത്ഥിച്ചു വന്നതു് എങ്കിലും, രോഗപരിഹാരത്തിന്, യേശു ഒരു വാക്കു കല്പിച്ചതു ധാരാളംമതിയാവും എന്നു അവൻ പൂർണ്ണമായി വിശ്വസിച്ചു. അതിനാൽ അവൻ സമാധാന ചിത്തനായി വീട്ടിലേക്കു യാത്ര ചെയ്തു. 'അവനിൽ വിശ്വസിക്കുന്നവൻ ഒരുത്തനും ലജ്ജിച്ചുപോകയില്ല' (റോമ. ൧൦:൧൧.) വിശ്വസിക്കുന്നവൻ ഓടിപ്പോകയില്ല (യെശ. ൨൮: ൧൬) അതിനാൽ രാജഭൃത്യന് പരിഭ്രമമോ, ചാഞ്ചല്യമോ ഉണ്ടായില്ല. അവൻ യേശുവിൻെറ സന്നിധിവിട്ടു് വീട്ടിലേക്കു പോയി എന്നു കാണുന്നു. എപ്പോൾ പോയി എന്നു വായിക്കുന്നില്ല. എന്നാൽ, സ്വഭവനത്തിൽ എത്തിയതു് അടുത്ത ദിവസമാണെന്ന് തെളിയുന്നു. ഇതിൽനിന്നും, അവൻെറ സമാധാന ചിത്തതയും, വിശ്വാസദാർഢ്യവും വെളിപ്പെടുന്നുണ്ട്. അവൻെറ യാത്ര എത്ര സാവധാനത്തിലായിരുന്നു. തൻെറ യാത്രയിൽ സ്വഭൃത്യവർഗ്ഗം എതിരെ വരുന്നതായി കാണുന്നു. അവരുമായി സംഭാഷണം നടത്തുകയും ചെയ്യുന്നു. ഇന്നലെ ഏഴുമണിക്കു് പനി വിട്ടുമാറി എന്നുള്ള സദ്വാർത്ത അവർ തങ്ങളുടെ യജമാനനോടു് അറിവിക്കുന്നു. ഇതു് ഈ രാജഭൃത്യന് ഒരു പുതിയ അറിവായിരിക്കുമെന്ന് എനിക്കു തോന്നുന്നില്ല. പ്രത്യുത, അവരുടെ ഈ അറിയിപ്പ് അവൻെറ നിശ്ചയത്തെ ഒന്നുകൂടി ബലപ്പെടുത്തി എന്നുമാത്രമെ ഉള്ളു. ഇന്നലെ ഏഴു മണിക്ക്, എന്നു പറഞ്ഞതിൽനിന്നും നമ്മുടെ കണക്കിൻപടി ഉച്ച കഴിഞ്ഞു് ഒരുമണിക്ക് എന്നു നിശ്ചയിക്കാവുന്നതാണ്. യേശു കല്പിച്ച സമയവും അതുതന്നെ ആയിരുന്നു. യേശു കല്പിച്ച മാത്രയിൽ അയാൾ പോയിരുന്നുവെ

കിൽ, ൨൫ മൈൽദൂരം [സാമാന്യമായി] ൭ മണിക്കൂർ സമയംകൊണ്ടു നടന്ന് സായാഹ്നസമയത്തു് സ്വഗൃഹത്തിൽ എത്താമായിരുന്നു. പിറ്റെദിവസമാണ് വീട്ടിൽ എത്തിയതു് എന്നു കാണുന്നതിനാൽ, ഉടനെ യേശുവിന്റെ സന്നിധി വിട്ടുപോയി എന്നോ, യാത്ര ശീഘ്രഗതിയിൽ ആയിരുന്നുവെന്നോ പറയാവുന്നതല്ല. ഇതിനാൽ, ഈ ഭൃത്യന്റെ അചഞ്ചലമായ ചിത്തവൃത്തിയും, സുസ്ഥിരമായ വിശ്വാസവും, ദൃഢമായ ദൈവാശ്രയവുമത്രെ വെളിപ്പെടുന്നതു്. യേശു കല്പിച്ച മാത്രയിൽതന്നെ തന്റെ മകന് പൂൎണ്ണ സ്വാസ്ഥ്യം ലഭിച്ചുകഴിഞ്ഞുവെന്ന് നിശ്ചയമുള്ളപ്പോൾ, അതിവ്യഗ്രതയോടുകൂടി, ദ്രുതഗതിയിൽ യാത്ര ചെയ്തു്, കായക്ലേശമനുഭവിക്കുന്നതിന്, അയാൾ ഒരുമ്പെടേണ്ടതില്ലല്ലൊ.

ഈ ഭൃത്യൻ, തന്റെ ഹൃദയം ക്രിസ്തുവിൽ സ്ഥിരപ്പെടുത്തിയതിനാൽ അയാൾക്ക് ലജ്ജിപ്പാനിട വന്നില്ല. ക്രിസ്തു യഹൂദവംശത്തെ പൊതുവെ അധിക്ഷേപിച്ചപ്പോൾ അയാൾ കോപപരവശനാവുകയോ, യേശുവിന്റെ സന്നിധിവിട്ട് ഓടിപ്പോകയോ ചെയ്തില്ല. പ്രതികൂലഭാവങ്ങൾ അയാളെ ഒന്നുകൂടി സ്ഥിരപ്പെടുത്തുന്നതിന് പര്യാപ്തങ്ങളായിത്തീൎന്നു. തന്നിമിത്തം അയാൾക്ക്, പൂൎണ്ണസമാധാനവും, ആശാതീതമായ ആനന്ദവും അനുഭവിക്കാൻ ഇടയായി. അവനും തന്റെ കുടുംബമൊക്കെയും യേശുവിൽ വിശ്വസിക്കുകയും ചെയ്തു.

ആകയാൽ നമ്മുടെ വിശ്വാസവും സുസ്ഥിരമായിരിക്കട്ടെ! യാതൊരു പ്രക്ഷോഭണങ്ങളും, പ്രകൃതി ശക്തികളും, അവനിലുള്ള വിശ്വാസത്തിൽനിന്നും നമ്മെ വേർപിരിക്കാതിരിക്കട്ടെ!! നമ്മുടെ ഹൃദയം ദൈവത്തിൽ ആശ്രയിച്ചും, ഏകാഗ്രപ്പെട്ടും ഇരിക്കട്ടെ! അതിനാൽ നമുക്കു സിദ്ധമാകുന്ന സൎവ്വവിധ അനുഗ്രഹങ്ങളും അനുഭവിക്കാൻ തക്കവണ്ണവും നമ്മുടെ ഹൃദയം വിനീതവും, ദൈവത്തിന് വിധേയവും ആയിരിക്കട്ടെ. 'സ്ഥിരമാനസൻ നിന്നിൽ ആശ്രയം വച്ചിരിക്കകൊണ്ടു്, നീ അവനെ പൂൎണ്ണസമാധാനത്തിൽ കാക്കുന്നു.' സ്തോത്രം! (യെശ. ൨൬: ൩.)

## സുവിശേഷപ്രചാരണഫണ്ട്

| | രു. | പത്തനാപുരം | 3 |
|---|---|---|---|
| പുന്നവേലി | 3 | കോയിപ്പുറം | 1 അ 8 |
| മണ്ണാറത്തറ | 4 | സീയോൻകുന്ന് [റാന്നി] | 2 |
| പൂവത്തൂർ | 3 | കവുങ്ങുംപ്രയാർ | 2 |
| കണിച്ചുകുളം | 2 | അടൂർ | 2 |
| കണ്ണൻപേരൂർ | 2 | കുമ്പനാട്ട് | 3 |
| ആയനിക്കാട്ട് | 1 | പൂവത്തൂർ | 3 |
| എഴുമറ്റൂർ | 1 | മല്ലപ്പള്ളി | 1 |
| പള്ളിപ്പാട്ട് | 1 | പുളിക്കീഴ് | 1 |
| റാന്നി [ബേഥേൽ] | 1 | ബുധനൂർ | 3 |

| | | | |
|---|---|---|---|
| ഒരു സിറിയൻകുടുംബം | 10 | കമ്പഴ | 2 |
| മഞ്ഞിനിക്കര | 1 | കീക്കൊഴൂർ | 6 |
| ഉരട്ടുപാറ | 4 | കോശരി | 2 |
| പുന്നവേലി | 2 | ഇടയാറന്മുള | 3 |
| മണ്ണാരത്തറ | 2 | ആകെ. | 74 രു. 8 |
| കങ്ങഴ | 3 | | |

# ധ്യാനമഞ്ജരി

## പുറപ്പാടുപുസ്തകം.

### അധ്യായം 2: 11—25.

മോശെയുടെ ചരിത്രത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ അവനെ രണ്ടു വിധത്തിൽ അതായതു വ്യക്തിപരമായും സദൃശമായും നാം കാണേണ്ടതാണു്.

ആദ്യമായി അവന്റെ വ്യക്തിപരമായ നടപടിയിൽ അധികം, അതായതു വളരെയധികം നമുക്കു പഠിപ്പാനുണ്ടു്. ദൈവം അവനെ എഴുന്നേല്പിച്ചുവെന്നു മാത്രമല്ല ഒരു വിധത്തിലോ മറെറാരു വിധത്തിലോ ദീർഘതരമായ 80 വർഷങ്ങൾ—ആദ്യം ഫറവോന്റെ മകളുടെ ഭവനത്തിലും അനന്തരം "മേച്ചഭൂമിയുടെ പിൻഭാഗ"ത്തും—അവനെ അഭ്യസിപ്പിക്കയും ചെയ്യുന്നതായിക്കാണുന്നു. നമ്മുടെ സ്ഥൂലമായ വിചാരശക്തിക്കു ഒരു ദൈവശുശ്രൂഷകനെ പഠിപ്പിക്കാൻ ഉപയോഗിക്കുന്ന ഈ കാലാവധി കവിഞ്ഞ ഒരു കാലയളവായിത്തോന്നാം. എന്നാൽ ദൈവചിന്ത നമ്മുടെ ചിന്തപോലെയല്ല. തന്റെ തെരിഞ്ഞെടുക്കപ്പെട്ട പാത്രത്തെ ഒരുക്കുന്നതിനു് രണ്ടു നാല്പതു വർഷങ്ങൾ ആവശ്യമാണെന്നു് അവൻ അറിഞ്ഞിരുന്നു. ദൈവം ഒരുവനെ പഠിപ്പിക്കുമ്പോൾ തനിക്കും തന്റെ അതിവിശുദ്ധമായ ശുശ്രൂഷയ്ക്കും യോഗ്യ

മാകുംവണ്ണമത്രേ പഠിപ്പിക്കുന്നതു്.
ന്റെ വേല ചെയ്യുന്നതിനു് അവ
ഒരു നവശിഷ്യനെ ആവശ്യപ്പെടു
യില്ല. ക്രിസ്തുവിന്റെ ഭൃത്യൻ പരസ
വേല ചെയ്‌വാൻ യഥാർത്ഥത്തി
യോഗ്യനാക്കപ്പെടുന്നതിനു് മുൻപു
രഹസ്യത്തിൽ വളരെ പാഠങ്ങൾ പ
ക്കയും അനേക വ്യായാമങ്ങൾ കഴിക
യും വളരെ പോരാട്ടങ്ങളിൽ കൂടി ക
ക്കയും വേണ്ടതാണു്. എന്നാൽ പ്ര
തി ഇതിനെ ഇഷ്ടപ്പെടുന്നില്ല. ര
സ്യത്തിൽ പഠിക്കുന്നതിനേക്കാൾ പ
രസ്യത്തിൽ പ്രവർത്തിക്കുന്നതാണു് അ
തിനു് അധികം ഇഷ്ടം. ദൈവത്ത
ന്റെ കൈകളാൽ അഭ്യസിക്കപ്പെ
ന്നതിനേക്കാൾ അതു മനുഷ്യന്റെ ക
ണ്ണുകൾക്കു വിഷയമായിത്തീരുന്നത
നും മനുഷ്യനാൽ ശ്ലാഘിക്കപ്പെടുന
തിനും ആഗ്രഹിക്കുന്നു. എന്നാൽ
അതുകൊണ്ടു് മതിയാകയില്ല. നാ
ദൈവവഴി സ്വീകരിക്കേണ്ടതാ
ന്നു. പ്രകൃതി, പ്രവർത്തനരംഗത്തേ
ക്കു പാഞ്ഞുകയറിയേക്കാം. എന്നാ
അതു് അവിടെ സ്ഥിതിചെയ്‌വാൻ ദൈ
വം ആവശ്യപ്പെടുന്നില്ല. അതു ശുഷ്ക
കരിക്കപ്പെടുകയും, ബന്ധിക്കപ്പെട

യും, ത്യജിക്കപ്പെടുകയും വേണ്ടതാകുന്നു. മരണത്തിനുള്ള സ്ഥാനമത്രേ പ്രകൃതിക്കുള്ള സ്ഥാനം. പ്രവർത്തിപ്പാൻ തുടങ്ങുന്നുവെങ്കിൽ അതിന്റെ പ്രവർത്തനഫലങ്ങൾ തീരെ തോൽവിയും കുഴപ്പവുമാണെന്നു തെളിയത്തക്കവണ്ണം തന്റെ അദ്വിതീയമായ വിശ്വസ്തതയിലും പൂർണ്ണജ്ഞാനത്തിലും ദൈവം കാര്യങ്ങൾ ക്രമീകരിക്കും. പ്രകൃതിയോടു പെരുമാറേണ്ടതെങ്ങനെയാണെന്നും, അതിന്റെ സ്ഥാനം കല്പിക്കേണ്ടതും അതിനെ സൂക്ഷിക്കേണ്ടതും എവിടെയാണെന്നും ദൈവം അറിയുന്നു. സ്വയത്തേയും അതിനോടു സംബന്ധിക്കുന്ന എല്ലാവരേയും കുറിച്ചു നമുക്കു ദൈവമനസ്സുമായി ഗാഢമേറിയ സംസർഗ്ഗമുണ്ടെങ്കിൽ നന്നായിരുന്നു. അങ്ങിനെയെങ്കിൽ സ്വല്പമായി മാത്രമെ നാം തെറ്റുമായിരുന്നുള്ളു. ആ വട്ടത്തിൽ നമ്മുടെ പാത സ്ഥിരവും ഉൽകൃഷ്ടവും നമ്മുടെ ആത്മാവു ശാന്തവും നമ്മുടെ ശുശ്രൂഷ സഫലവുമായിരിക്കും.

"ആ കാലത്തു മോശെ മുതിർന്നശേഷം അവൻ തന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്നു് അവരുടെ ഭാരമുള്ള വേല നോക്കി, തന്റെ സഹോദരന്മാരിൽ ഒരു എബ്രായനെ ഒരു മിസ്രയീമ്യൻ അടിക്കുന്നതു കണ്ടു. അവൻ അങ്ങോട്ടും ഇങ്ങോട്ടും നോക്കീട്ടു് ആരും ഇല്ലെന്നു കണ്ടപ്പോൾ മിസ്രയീമ്യനെ അടിച്ചുകൊന്നു മണലിൽ മറവുചെയ്തു." തന്റെ സഹോദരന്മാരെക്കുറിച്ചുള്ള എരിവുകൊണ്ടാണു് അവൻ ഇങ്ങനെ ചെയ്തതു്. പക്ഷേ, അതു "പരിജ്ഞാനപ്രകാരമുള്ളതല്ലായിരുന്നു." എജിപ്തിനെ ന്യായംവിധിക്കുന്നതിനും ഇസ്രായേലിനെ വിടുവിക്കുന്നതിനുമുള്ള ദൈവസമയം ഇനിയും വന്നിട്ടില്ലായിരുന്നു. ബുദ്ധിയുള്ള ഭൃത്യൻ ദൈവത്തിന്റെ സമയത്തിനുവേണ്ടി എപ്പോഴും കാത്തിരിക്കും. "മോശെ വളർന്നു. അവൻ മിസ്രയീമ്യരുടെ സകല ജ്ഞാനവും അഭ്യസിച്ചു. ദൈവം താൻമുഖാന്തരം അവർക്കു രക്ഷ നൽകും എന്നു സഹോദരന്മാർ ഗ്രഹിക്കും എന്നു് അവൻ നിരൂപിച്ചു" ഇതു മുഴുവൻ സത്യമായിരുന്നു. എന്നിട്ടും അവൻ സമയത്തിനു മുൻപെ ഓടിക്കളഞ്ഞു എന്നു തെളിയുന്നു. ഒരുവൻ ഇങ്ങിനെ ചെയ്യുമ്പോൾ തോൽവിയുണ്ടായേ മതിയാവൂ. *

---

* യഥാർത്ഥമിവെ അപ്പൊ.പ്രവൃത്തികളിലെ സ്തേഫാനോസിന്റെ പ്രസംഗത്തിൽ മോശെയുടെ നടപടിയെ എങ്ങനെ പറയുന്നു? "...അവനു നാല്പതു വയസ്സു തികയാറായപ്പോൾ യിസ്രായേൽമക്കളായ തന്റെ സഹോദരന്മാരെ ചെന്നുകാണേണം എന്നു മനസ്സിൽ തോന്നി. അവരിൽ ഒരുത്തൻ അന്യായം ഏൽക്കുന്നതു കണ്ടിട്ടു് അവനു തുണനിന്നു മിസ്രയീമ്യനെ അടിച്ചുകൊന്നു പീഡിതനുവേണ്ടി പ്രതിക്രിയ ചെയ്തു. ദൈവം താൻ മുഖാന്തിരം അവർക്കു രക്ഷ നൽകും എന്നു സഹോദരന്മാർ ഗ്രഹിക്കും എന്നു് അവൻ നിരൂപിച്ചു. എങ്കിലും അവർ ഗ്രഹിച്ചില്ല. അപ്പൊ 7:23-25. ഈ പ്രസംഗംകൊണ്ടു സ്തേഫാനോസിന്റെ ഉദ്ദേശം ശ്രോതാക്കളുടെ ബോധത്തിൽ ആ ജാതിയുടെ ചരിത്രം ശരിയായി പതിയണമെന്നുള്ളതാണു്. മോശ ദൈവ നിർദ്ദിഷ്ടമായ സമയത്തിനു മുമ്പു് പ്രവർത്തിപ്പാൻ തുടങ്ങിയോ ഇല്ലയോ എന്നതു പ്രശ്നം. പ്രകൃതത്തിലെ ചോദ്യം [illegible] വ്യത്യസ്തമായിരിക്കുന്നു.

കൂടാതെ, "തന്റെ സഹോദരന്മാരെ ചെന്നുകാണേണമെന്നു് അവനു മനസ്സിൽ തോന്നി," [illegible]

ദൈവസമയത്തിനു മുമ്പായി ആരംഭിക്കപ്പെട്ട ഒരു വേലയുടെ പുരോഗമനത്തിന് അവസാനത്തിൽ തോൽവിയുണ്ടാകുമെന്നു മാത്രമല്ല, ശാന്തമായ ഉന്നമനവും വിശുദ്ധമായ ആശ്രയവും അതിൽ ഇല്ലാതെയും ഇരിക്കും. മോശെ "അങ്ങോട്ടും ഇങ്ങോട്ടും നോക്കി" എന്നാണല്ലോ പറഞ്ഞിരിക്കുന്നതു്. ഒരു മനുഷ്യൻ ദൈവത്തോടു കൂടിയും, ദൈവത്തിന്നു വേണ്ടിയും, തന്റെ വേലയുടെ സൂക്ഷ്മഭാഗങ്ങളെക്കുറിച്ചുള്ള ദൈവമനസ്സിന്റെ പൂർണ്ണഅറിവിലും പ്രവർത്തിക്കുമ്പോൾ ഈ പരിതോവീക്ഷണം ആവശ്യമില്ല. യഥാർത്ഥമായി ദൈവസമയം വരികയും മിസ്രയീമിന്റെ മേൽ ന്യായവിധി നടത്തുവാൻ താൻ നിയോഗിക്കപ്പെട്ടിരിക്കുന്നു എന്നു ബോധ്യമുണ്ടാകയും ദൈവസാന്നിധ്യം തന്നോടുകൂടി ഉണ്ടെന്നു നിശ്ചയമായി ഉറയ്ക്കയും ചെയ്തിരുന്നുവെന്നു വരികിൽ മോശ "അങ്ങോട്ടും ഇങ്ങോട്ടും" നോക്കുകയില്ലായിരുന്നു.

ഈ പ്രവൃത്തി ദൈവത്തിന്റെ സകല ഭൃത്യന്മാൎക്കും അഗാധമായ ഒരു പ്രായോഗിക പാഠം നല്കുന്നു. ഇതു നോട്ടത്തെ അതിപ്രേരണം ചെയ്തു രണ്ടു സംഗതികൾ ഉണ്ടു്. അതിൽ ഒന്നു മനുഷ്യകോപത്തെക്കുറിച്ചുള്ള ഭയവും, മററതു മനുഷ്യാനുകൂല്യത്തെക്കുറിച്ചുള്ള ആശയുമാണ്. ജീവനുള്ള ദൈവത്തിന്റെ ഭൃത്യൻ ഇവയിൽ ഒന്നിനേയു ഗണിച്ചുകൂടാ. ദൈവനിയോഗം ല ച്ചിട്ടുള്ളവനും ദൈവസാന്നിദ്ധ്യമനുഭവി ക്കുന്നവനുമായ ഒരുവന് ഒരു സാധു വായ മർത്ത്യജീവിയുടെ കോപമോ അനുകൂല്യമോ കൊണ്ടു് എന്താണു്? ചിയന്റെ വിവേചനത്തിൽ അ തുലാസിൻ തട്ടിലുള്ള പൊടിയേക്കാൾ ലഘുവാകുന്നു. "ഭയപ്പെടരുതു്, ഭ്രമിക്കയും അരുതു് എന്നു ഞാൻ നിന്നോടു കല്പിച്ചുവല്ലോ." ആകയാൽ നീ അര കെട്ടി എഴുന്നേറ്റു ഞാൻ നിന്നോടു കല്പിക്കുന്നതൊക്കെയും അവരോടു പ്രസ്താവിക്ക; ഞാൻ നിന്നെ അവരുടെ മുമ്പിൽ ഭ്രമിപ്പിക്കാതെയിരിക്കേണ്ടതിന്നു നീ അവരെ കണ്ടു ഭ്രമിച്ചുപോകരുതു്. ഞാൻ ഇന്നു നിന്നെ സർവ്വദേശത്തിന്നും യെഹൂദാരാജാക്കന്മാൎക്കും പ്രഭുക്കന്മാൎക്കും പുരോഹിതന്മാൎക്കും ദേശത്തിലെ ജനത്തിന്നും നേരെ ഉറപ്പുള്ളോരു പട്ടണവും ഇരിമ്പുതൂണും താമ്രമതിലുകളും ആക്കിയിരിക്കുന്നു. അവർ നിന്നോടു യുദ്ധം ചെയ്യും; നിന്നെ ജയിക്കയില്ലതാനും. നിന്നെ രക്ഷിപ്പാൻ ഞാൻ നിന്നോടുകൂടെയുണ്ടു് എന്നു യഹോവയുടെ അരുളപ്പാടു്" യിരമ്യ. 1: 17—19.

മോശയെ ഒരു സാദൃശമാക്കി നോക്കിയാൽ ഇസ്രായേലിന്റെ [illegible] ക്രിസ്തുവിന്റെ പ്രഭാഷണവും അവനെ അവർ തിരസ്കരിച്ചതും അവരുടെമേൽ അവൻ വാഴുന്നതിനു മനസ്സില്ലാത ഒന്നും കാണ്മാൻ കഴിയും, നേരെമറിച്ചു മോശയെ വ്യക്തിപരമായി നോക്കിയാൽ അവൻ തെ ുകൾ ഉണ്ടാക്കിയതായും ദൌർബ്ബല്യം പ്രകടിപ്പിച്ചതായും കാണാം. ചിലപ്പോൾ അവൻ അതി [illegible] ചിലപ്പോൾ അതിമന്ദനായുമിരുന്നു. ഒരു [illegible] ിപ്പാൻ കഴിയും; ദൈവത്തിന്റെ അനന്തമായ കരുണയെയും അക്ഷീണമായ ക്ഷമയെയും [illegible] ീകരിക്കുന്നതിന്നു ഇതു ഉപയോഗപ്പെടുന്നു.

# കുറിപ്പുകൾ

വൃശ്ചികം 27-ാം തീയതി രാത്രിയും 28-ാം തീയതി രാവിലെയും റാന്നി സീയോൻകുന്നു സഭാമന്ദിരത്തിൽ വെച്ച് സഹോദരസംഘം വക പ്രതിപുരുഷയോഗം കൂടി കൺവെൻഷൻ മുതലായ സംഗതികളെക്കുറിച്ച് ആലോചിച്ചു തീരുമാനിക്കയുണ്ടായി.

* * * *

വൃശ്ചികം 28-ാം തീയതി രാത്രി മുതൽ 30-ാം തീയതി രാത്രിവരെ അയിരൂർ സഭയുടെ ചുമതലയിൽ വെള്ളാറമലെ താന്നിക്കൽ മത്തായി അവർകളുടെ വസതിയിൽ വെച്ച് പ്രസംഗയോഗങ്ങൾ നടക്കുകയുണ്ടായി. പ്രസംഗികന്മാർ മെസ്സേഴ്സ്: ഈ. എച്ച്. നോയൽ, കെ. ജി. തോമസ്സ്, കെ. വി. സൈമൺ എന്നിവരായിരുന്നു. 29-ാം നു- പകൽ പടിഞ്ഞാറൻ സെൻറർ യുവജനയോഗവും പ്രസ്തുത സ്ഥലത്തുവച്ചു തന്നെ അനുഗ്രഹകരമായി കഴിഞ്ഞുകൂടി.

* * * *

ധനു 5-ാം നു- മുതൽ 7-ാംനു- വരെ വടശ്ശേരിക്കരെ തൈമേപ്പുറത്തു തോമസ് അവർകളുടെ വസതിയിൽ വെച്ചു പ്രസംഗയോഗങ്ങൾ നടന്നു. വിശിഷ്യ 7-ാം തീയതി ഉച്ചതിരിഞ്ഞു വടശ്ശേരിക്കര ചന്തയിൽ വെച്ചു ഒരു പരസ്യയോഗവും ഉണ്ടായിരുന്നു. പ്രസ്തുത യോഗത്തിൽ ശ്രോതാക്കളുടെ ഒരു വലിയ സംഖ്യ കൂടിയിരുന്നു. പ്രാസംഗികന്മാർ മി: ഇ. എച്ച് നോയൽ, മി: ജെ. എം. ഡേവീസ് എന്നീ സായ്പന്മാരും, മി: കെ. ജി. തോമസ്, മി: കെ. വി. സൈമൺ എന്നിവരും ആയിരുന്നു.

* * * *

ഇടയാറന്മുള പുതുതായി പണികഴിപ്പിച്ചിട്ടുള്ള സഭാമന്ദിരത്തിൻെറ ഉൽഘാടനം മിഷ്യനറി മിസ്റ്റർ ഈ. എച്ച്. നോയലിൻെറ സാന്നിദ്ധ്യത്തിൽ നടക്കയുണ്ടായി. ക്ഷണമനുസരിച്ച് മി. കെ. ജി. തോമസ്, മി: പി. സി. ജോൺ എന്നീ സുവിശേഷകന്മാരും വന്നുചേർന്നിരുന്നു. 20-ാം തീയതി രാത്രിയും 21-ാം തീയതി പകലും യോഗങ്ങൾ ഉണ്ടായിരുന്നു.

* * * *

തിരുവല്ലാ, എൻ. പി. ഹൌസിൽ നിന്നും മുദ്രണം ചെയ്ത് അയച്ചുതന്ന [illegible]-ലെ മനോഹരമായ കലണ്ടർ നന്ദിപൂർവ്വം കൈപ്പറ്റിയിരിക്കുന്നു.

---

## മാന്യവരിക്കാരുടെ ശ്രദ്ധയ്ക്ക്

ഒരു മാസികയുടെ ജീവിതം മുഖ്യമായി അതിൻെറ വരിസംഖ്യ പിരിയുന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്. അതിനാൽ "വിയോജിത"ൻെറ ദീർഘായുസ്സിനേയും പുരോഗമനത്തേയും പ്രതീക്ഷിക്കുന്ന എല്ലാമാന്യന്മാരും, പ്രത്യേക അപേക്ഷയോ ആളോ വരുവാൻ കാത്തിരിക്കാതെ ഈ ലക്കം കൈപ്പറ്റുന്നതിനോടുകൂടി വരിസംഖ്യ മണിയോർഡറായോ മററോ അയച്ചുതന്ന് ഞങ്ങളെ സഹായിക്കണമെന്നു നിർബന്ധമായി അപേക്ഷിച്ചുകൊള്ളുന്നു.

മാനേജർ.